**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 415 — 09.02.2016 ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ റയിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് കോസ്റ്റ്

**ചോദ്യം** — **ഉത്തരം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ റയിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് കോസ്റ്റ് എത്ര ; | (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് കോസ്റ്റ് 5181.79 കോടി രൂപയാണ്. |
| (ബി) | പദ്ധതിയുടെ റിപ്പോർട്ട് പ്രകാരം നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കേണ്ടുന്ന തീയതി ഏതാണ് ; ഇന്നത്തെ നിലയിൽ പദ്ധതിയുടെ പൂർണ്ണതോതിലുള്ള നിർമ്മാണ പ്രവൃത്തി ഏത് തീയതിയിൽ പൂർത്തീകരിക്കാൻ സാധ്യമാകും; | (ബി) | കേന്ദ്ര സർക്കാരിന്റെ അനുമതിപത്രം പ്രകാരം 2017 ജൂണിൽ ആണ് ആലുവ മുതൽ പേട്ട വരെയുള്ള 25.612 കി.മീ. ദൈർഘ്യമുള്ള കൊച്ചി മെട്രോ റെയിൽ പദ്ധതി കമ്മീഷൻ ചെയ്യേണ്ടത്. ഈ പദ്ധതിയുടെ ആദ്യ ഘട്ടമായ (ആലുവ മുതൽ മഹാരാജാസ് കോളേജ് വരെ) 18 കി.മീ. പൂർണ്ണസജ്ജമായി 2016 നവംബർ 1 ന് ട്രെയിൻ സർവ്വീസ് ആരംഭിക്കാനും രണ്ടാം ഘട്ടം (മഹാരാജാസ് കോളേജ് മുതൽ പേട്ട വരെ) 2017 ജൂണിൽ പൂർത്തീകരിക്കാനും ആണ് ഉദ്ദേശിക്കുന്നത്. |
| (സി) | പദ്ധതിയ്ക്ക് വേണ്ടി സർക്കാർ ഖജനാവിൽ നിന്നും പിന്നിട്ട വർഷങ്ങളിൽ ഓരോ വർഷവും ചെലവായ തുക എത്ര ; ഈ പദ്ധതി പൂർത്തിയാക്കുന്നതിന് ഖജനാവിൽ നിന്നും ഇനിയും എന്തു തുക ചെലവഴിക്കേണ്ടതായിട്ടുണ്ട്; | (സി) | പദ്ധതിയ്ക്ക് വേണ്ടി ഓരോ വർഷവും ചെലവായ തുക ചുവടെ ചേർക്കുന്നു<br>2012-13 - 314.25 കോടി രൂപ<br>2013-14 – 234 കോടി രൂപ<br>2014-15 – 247 കോടി രൂപ<br>2015-16 – 150 കോടി രൂപ<br>പദ്ധതി പൂർത്തീകരിക്കുന്നതിനായി സംസ്ഥാന സർക്കാർ 597.81 കോടി രൂപ കൂടി അനുവദിക്കേണ്ടതുണ്ട്.<br>കൂടാതെ കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ തയ്യാറെടുപ്പ് പ്രവൃത്തികൾക്കായി നാളിതുവരെ 215.13 കോടി രൂപ ചെലവായിട്ടുണ്ട്. 112.28 കോടി രൂപ കൂടി ഈയിനത്തിൽ നല്കേണ്ടതായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതിയ്ക്ക് വേണ്ടി ഏതെല്ലാം ഏജൻസികളിൽ നിന്ന് എത്ര കോടി രൂപ വീതം വായ്പ എടുത്തിട്ടുണ്ട് : അതിന്റെ തിരിച്ചടവ് നടത്തുന്നത് ഏത് തീയതി മുതലാണ് എന്ന് അറിയിക്കുമോ ? | | കൊച്ചി മെട്രോ റെയിൽ പദ്ധതിയ്ക്ക് വേണ്ടി ദീർഘകാല വായ്പയായി 180 മില്യൺ യൂറോ എ.എഫ്.ഡി.യിൽ (AFD) നിന്നും 1170 കോടി രൂപ കാനറാ ബാങ്കിൽ നിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ, സ്ഥലമെടുപ്പിനായി 470 കോടി രൂപ (വൈറ്റില-പേട്ട റോഡ് വികസിപ്പിക്കുന്ന തയ്യാറെടുപ്പ് ജോലിയുടെ സ്ഥലമെടുപ്പിന് ഉൾപ്പെടെ) എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും ലോൺ എടുക്കുകയുണ്ടായി. ഈ ലോണിന്റെ തിരിച്ചടവ് സംസ്ഥാന സർക്കാരാണ് നടത്തേണ്ടത്. ഇതിലൊരോന്നിന്റെയും തിരിച്ചടവ് തുടങ്ങുന്ന തീയതി താഴെപ്പറയുന്നു.<br>എ.എഫ്.ഡി. (AFD) – 15.9.2019<br>കാനറാ ബാങ്ക് - 2020-21 സാമ്പത്തിക വർഷം<br>എറണാകുളം ജില്ലാ സഹകരണ ബാങ്ക് (EDCB) – 2017-18 സാമ്പത്തിക വർഷം |

Deepthi

സെക്ഷൻ ഓഫീസർ